## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **07-10-2024 - ൽ മറുപടിയ്ക്ക്**

## ആരോഗ്യ പരിപോഷണത്തിന് ഊന്നൽ നൽകാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 'ജീവിതത്തോട് പ്രായം ചേർക്കുകയല്ല പ്രായത്തോട് ജീവിതം ചേർക്കുക' എന്ന ലോകാരോഗ്യ സംഘടനയുടെ ആപ്തവാക്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാർദ്ധക്യ കാലം നിഷ്ക്രിയം എന്ന കാഴ്ചപ്പാടിൽ നിന്നും മാറി അർത്ഥവത്തും ഫലപ്രാപ്തിയുള്ളതും സജീവവുമായിരിക്കേണ്ട കാലഘട്ടമാണത് എന്ന സന്ദേശമാണ് ഇത് പകർന്ന് നൽകുന്നത്. ആരോഗ്യകരമായ ശീലങ്ങളിൽ കൂടി ജീവിതശൈലി രോഗങ്ങൾ തടഞ്ഞ് വാർദ്ധക്യ കാലം ആരോഗ്യത്തോടെ ഇരിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യം .**<br><br>**ആരോഗ്യം വർദ്ധിക്കുന്നതിന് ആനുപാതികമായി മുതിർന്ന പൗരന്മാരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് .**<br><br>കിടപ്പിലായ രോഗികളുടെയും, വീടുകളിൽ അകപ്പെട്ടുപോയ മുതിർന്ന പൗരന്മാരുടെയും ഏകാന്തതയിൽ കഴിയുന്ന വയോജനങ്ങളുടെയും എണ്ണം വർധിച്ചുവരുന്നത് ആശങ്കയോടെയാണ് ആരോഗ്യ പ്രവർത്തകർ വീക്ഷിക്കുന്നത് . അതുകൊണ്ടുതന്നെ ആരോഗ്യമുള്ള ഒരു വാർദ്ധക്യം പ്രദാനം ചെയ്യുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗാതുരത നേരത്തെ കണ്ടെത്തുന്നതിനും കണ്ടെത്തുന്നവ ചികിത്സിക്കുന്നതിനും വൃദ്ധ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോകാരോഗ്യ സംഘടന ഈ ആപ്തവാക്യം പ്രഖ്യാപിച്ചിരിക്കുന്നത് .<br><br>**ഇത്തരം ആശയങ്ങൾ കൂടി പരിഗണിച്ച് ആരോഗ്യവകുപ്പ് ആർദ്രം 2 നവകേരള കർമ്മ പദ്ധതി 2ന്റെ ഭാഗമായി വയോജന ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇത്** |

| | | | |
|---|---|---|---|
| | | | **കൂടാതെ സംസ്ഥാന സർക്കാർ ലോക ബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻറ് പ്രോഗ്രം എന്ന പദ്ധതി ആസൂത്രണം ചെയ്ത് വരുകയാണ്. പ്രസ്തുത പദ്ധതിയിലും വയോജന ക്ഷേമത്തിന് ഒരു പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.** |
| (ബി) | വർദ്ധിച്ചുവരുന്ന രോഗാതുരത, പ്രാന്തവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾ നേരിടുന്ന സവിശേഷമായ ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളത്തിൽ മുതിർന്നവരുടെ രോഗാതുരതയുടെ പ്രധാന കാരണം ജീവിതശൈലി രോഗങ്ങൾ ആയതിനാൽ പ്രമേഹം, അമിത രക്തസമ്മർദ്ദം, മാനസിക രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ ലഭ്യമാണ്. ഈ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് സബ്സെന്റർ തലത്തിൽ NCD ക്ലിനിക്ക് പ്രവർത്തിച്ച് വരുന്നു. കൂടാതെ ഇവ തടയുന്നതിനായി ആരോഗ്യകരമായ ജീവിതശൈലിയെ കുറിച്ച് സ്കൂൾതലം മുതൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്.<br><br>പൊതുജനാരോഗ്യ സംവിധാനം വഴി പകർച്ച വ്യാധികൾക്കെതിരെ നിതാന്ത ജാഗ്രത, വിവര ശേഖരണം, റിപ്പോർട്ടിംഗ്, പകർച്ച വ്യാധികൾ ഉണ്ടാകുന്ന ഉടൻതന്നെ കണ്ടുപിടിക്കുകയും, അന്വേഷിക്കുകയും രോഗം ഉള്ളവർക്ക് ചികിത്സ ഉറപ്പാക്കുകയും രോഗ വ്യാപനം തടയാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു. പകർച്ചവ്യാധി ഇതര രോഗങ്ങൾക്കെതിരെയും (ജീവിതശൈലി രോഗങ്ങൾക്കെതിരെയും) രോഗം നേരത്തെ കണ്ടുപിടിക്കാനായി ജനസംഖ്യ അടിസ്ഥാനത്തിൽ സ്ക്രീനിംഗ്, രോഗം ഉള്ളവർക്ക് ചികിത്സ, സങ്കീർണ്ണതകൾ നേരത്തെ കണ്ടുപിടിക്കുവാനും പരിഹരിക്കാനുമായുള്ള പ്രവർത്തനങ്ങൾ, ജീവിതശൈലി ആരോഗ്യപരമാക്കാനുള്ള അവബോധം എന്നിവയും നൽകി വരുന്നു.<br><br>ആദിവാസി മേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും മറ്റു പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിലും കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതിന് ആരോഗ്യവകുപ്പ് മുൻകൈ എടുത്ത് പ്രവർത്തിച്ച് വരുന്നു. ജീവിതശൈലി രോഗങ്ങളും പകർച്ചവ്യാധികളും ജനിതക രോഗങ്ങളും കൊണ്ട് ബുദ്ധിമുട്ടിലായ ഈ പ്രത്യേക ജനവിഭാഗങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള ആരോഗ്യ പാക്കേജുകൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ഇതിനു പുറമേ |

| | | | |
|---|---|---|---|
| | | | അതിദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളുടെ പട്ടിക തിരിച്ച അവർക്ക് ആരോഗ്യ സുരക്ഷ നൽകുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ട്. |
| (സി) | ബൈപാസ് സംവിധാനങ്ങളും ഡയാലിസിസ് കേന്ദ്രങ്ങളും വർദ്ധിപ്പിച്ചും അവയവമാറ്റ ശസ്ത്രക്രിയകൾ കൂടുതലായി നടത്തിയും മാത്രം മുന്നോട്ടുപോകാനാവില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; രോഗപ്രതിരോധത്തിനും ആരോഗ്യ പരിപോഷണത്തിനും ഊന്നൽ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. NPNCD പ്രോഗ്രാമിന്റെ ഭാഗമായി ജീവിതശൈലി രോഗങ്ങൾ തടയുന്നതിനായി പൊണ്ണത്തടി, വ്യായാമം, പോഷകാഹാരം എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും ജീവിതശൈലി രോഗങ്ങൾ വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി അവരുടെ റിസ്ക് കുറയ്ക്കുവാൻ വ്യായാമം, ഡയറ്റ് തുടങ്ങിയവ സംബന്ധിച്ച കൗൺസിലിംഗ് സബ് സെന്റർ തലത്തിൽ നടത്തി വരുന്നു. പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ ഉള്ളവർ കൃത്യമായി മരുന്ന് കഴിക്കുന്നു എന്ന് നിരീക്ഷിക്കുന്ന NCD കാർഡുകൾ PHC തലത്തിൽ ഉണ്ട്.<br><br>ബൈപ്പാസ് സംവിധാനങ്ങളും ഡയാലിസിസ് കേന്ദ്രങ്ങളും വഴി നടപ്പിലാക്കുന്നത് ദ്വിതീയവും തൃതീയവും ആയ പ്രതിരോധ മാർഗ്ഗങ്ങൾ ആണ്. എന്നാൽ നമ്മുടെ നാട്ടിൽ ജനസംഖ്യ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രാപ്തി നൽകുന്നത് ആരോഗ്യകരമായ ജീവിത ശൈലിക്ക് ഊന്നൽ കൊടുക്കുന്ന പ്രാഥമിക പ്രതിരോധ മാർഗ്ഗങ്ങളാണ്. അതു കൊണ്ടുതന്നെ നമ്മുടെ ആരോഗ്യ സംവിധാനത്തിൽ പ്രാഥമിക പ്രതിരോധത്തിന് ഊന്നൽ നൽകി നടപ്പിലാക്കുന്ന പദ്ധതികളാണ് സാർവ്വത്രിക രോഗ പ്രതിരോധ കുത്തിവെയ്പ്പ്, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതി , ജീവിത ശൈലി രോഗ നിയന്ത്രണം, മാനസികാരോഗ്യ പദ്ധതി, മുതിർന്ന പൗരൻമാർക്കുള്ള പദ്ധതി , പകർച്ചവ്യാധി നിയന്ത്രണം പദ്ധതി എന്നിവ<br><br>സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിൽ മാത്രം 105 ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് 13 ജില്ലകളിൽ ആരോഗ്യ വകുപ്പിന് കീഴിൽ മാത്രം ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. കൊറോണറി ബൈപ്പാസ് ഗ്രാഫ്റ്റും ആൻജിയോപ്ലാസ്റ്റിയും വേണ്ടിവരുന്ന രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. അതുകൊണ്ടുതന്നെ ഇത്തരം ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനേക്കാളും രോഗം വരാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയാണ് ഏറ്റവും അഭികാമ്യമായ പ്രവർത്തനരീതി . ജീവിതശൈലി രോഗങ്ങളായ |

| | | | |
|---|---|---|---|
| | | | പ്രമേഹം, രക്താദി മർദ്ദം, ഉയർന്ന കൊളസ്റ്റോൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉള്ള പ്രതിരോധ മാർഗങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട് . സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗം നിയന്ത്രണ പരിപാടിയിലൂടെ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള സമഗ്ര സർവേ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തുന്നതിനും രോഗ സ്ഥിരീകരണം നടത്തി ചികിത്സ ആരംഭിക്കുന്നതിനും സാധിക്കുന്നു. ഇതിനുപുറമേ ജീവിത ശൈലിയും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽകരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നുണ്ട് . |
| (ഡി) | പ്രാണിജന്യ രോഗങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ-തദ്ദേശ സ്വയംഭരണ വകുപ്പകൾ സംയുക്തമായി വെക്ടർ കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രാണിജന്യ രോഗങ്ങൾ കാലാവസ്ഥയ്ക്ക് അനുസൃതമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇത്തരം രോഗങ്ങൾ തടയുന്നതിന് രോഗ ചികിത്സയോടൊപ്പം തന്നെ പ്രാണി നിയന്ത്രണ പ്രവർത്തനങ്ങളും അത്യന്താപേക്ഷിതമാണ്. ഈ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് എല്ലാ പ്രദേശങ്ങളിലും ഏകോപിപ്പിച്ച് വരുന്നത്. ഇതിനായി തന്നെ സ്വയംഭരണ സ്ഥാപനങ്ങളുമായിട്ടും മറ്റു വകുപ്പകളുമായും സംയുക്ത നിരീക്ഷണ സമിതികളെ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ പഞ്ചായത്ത് മുൻസിപ്പാലിറ്റി തലത്തിൽ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇതിനായുള്ള ആരോഗ്യ ജാഗ്രത കലണ്ടർ എല്ലാ വകുപ്പകൾക്കും നൽകിയിട്ടുള്ളതും ഓരോ വകുപ്പമായി ചേർന്ന് നടത്തേണ്ട പ്രവർത്തനങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട് .<br><br>കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ അർബൻ / റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്ററുകളിൽ പ്രാണിജന്യ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ തുടർച്ചയായി നടപ്പിലാക്കുന്നു.<br><br>വെക്ടർ സർവ്വേ<br><br>ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിക്കുക.<br><br>മഴക്കാലത്തിനു മുൻപായി നടത്തുന്ന ഉറവിട നശീകരണം ഉൾപ്പെടെയുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ഫീവർ സർവ്വേ<br><br>മലേറിയ നിയന്ത്രണവുമായി ബന്ധപ്പെട്ട ബ്ലഡ് സ്മിയർ ശേഖരണവും പരിശോധനയും , ചികിത്സയും<br><br>സങ്കീർണ്ണതകൾ ഉള്ള രോഗികളെ നേരത്തെ കണ്ടുപിടിക്കുകയും റഫർ ചെയ്യുകയും ചെയ്യുക.<br><br>രോഗം റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ കൊതുക നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു.<br><br>എല്ലാ വിഭാഗം ജീവനക്കാർക്കും രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ പരിശീലനം<br><br>പൊതു ജനങ്ങൾക്ക് അവബോധം |

സെക്ഷൻ ഓഫീസർ